കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് - സമ്പൂർണ്ണ ഭവന പദ്ധതി 2016-17 ഷൊർണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം. 360/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 07/02/2018.

വായന:- 1. 11/03/2013 ലെ സ.ഉ(എം.എസ്) നം.83/13/ത.സ്വ.ഭവ

2. ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 24/10/2017 ലെ R1/നമ്പർ എ 3-6462/17 നമ്പർ കത്ത്.

**ഉത്തരവ്**

ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ തയ്യാറാക്കിയ "സമ്പൂർണ്ണ ഭവന പദ്ധതി 2016-17" പ്രോജക്റ്റ് ബാങ്ക് ലോൺ വിഹിതമായി 80,00,000/- (എൺപത് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണസമിതിയുടെ 11/07/2017 ലെ 9-ാം നമ്പർ തീരുമാന പ്രകാരം ഷൊർണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ അപേക്ഷ സമർപ്പിക്കുകയും ഷൊർണൂർ സഹകരണ ബാങ്ക് ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന് 80 ലക്ഷം രൂപ വായ്പ അനുവദിക്കാൻ തയ്യാറാണെന്ന് സമ്മതപത്രം നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഈ പ്രോജക്റ്റിന്റെ പൂർത്തീകരണത്തിന് 80,00,000/- രൂപ ഷൊർണൂർ സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കാൻ അനുമതി നൽകണമെന്നും വായന (2) പ്രകാരം ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തയ്യാറാക്കിയ "സമ്പൂർണ്ണ ഭവന പദ്ധതി 2016-17" പ്രോജക്റ്റിന്റെ പൂർത്തീകരണത്തിനായി വായന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 80,00,000/- രൂപ (എൺപത് ലക്ഷം രൂപ) ഷൊർണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ